**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 841** **14-10-2026-ൽ മറുപടിയ്ക്ക്**

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ വന്യജീവി ആക്രമണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. രാജൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** ഒല്ലൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളത്; അനുവദിച്ചിട്ടുള്ളതും നിലവിലുള്ളതുമായ തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** ഒല്ലൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന RRT യുടെ ചുമതല ഒരു ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിട്ടുള്ളതും രണ്ട് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതുമാണ്. പീച്ചി, വാണിയമ്പാറ, മാന്നാമംഗലം, പട്ടിക്കാട് എന്നീ നാല് ഇടങ്ങളിൽ അഞ്ചുപേർ വീതമുള്ള സ്പെഷ്യൽ റിസർവ് ഫോഴ്സ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവരുടെ സേവനം ആർ.ആർ.ടി. പ്രയോജനപ്പെടുത്തുന്നതാണ്.

**(ബി)** വന്യജീവി ആക്രമണം നേരിടുന്നതിനായി ആവശ്യമായ ജീവനക്കാർ, വാഹനങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ എന്നിവ നിലവിൽ ലഭ്യമാണോ; കുറവുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**മറുപടി:** മനുഷ്യ-വന്യജീവി സംഘർഷം നിയന്ത്രിക്കുന്നതിന് വാഹനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ, നിരീക്ഷണോപാധികളായി ഡ്രോൺ, ക്യാമറാ ട്രാപ്പുകൾ മുതലായവ, സ്മാർട്ട് ഫോണുകൾ, വയർലെസ്സ് സംവിധാനം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിലേക്കാവശ്യമായ കൂടുതൽ വാഹനങ്ങളും സുരക്ഷാ ഉപകരണങ്ങളും ആയുധങ്ങളും വാർത്താവിനിമയ-നിരീക്ഷണോപാധികളും ആവശ്യാനുസരണം ലഭ്യമാക്കുന്നതാണ്.

**(സി)** പ്രസ്തുത പ്രദേശങ്ങളിലെ നിലവിലുള്ള സൗരോർജ്ജ വേലികൾ, ആനപ്രതിരോധ വേലികൾ എന്നിവയുടെ പ്രവർത്തനക്ഷമത പരിശോധിച്ചിട്ടുണ്ടോ; തകരാറിലായവ പുനഃസ്ഥാപിക്കുന്നതിനും പുതിയ പ്രതിരോധ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

**മറുപടി:** പ്രസ്തുത പ്രദേശങ്ങളിൽ നിലവിലുള്ള ഹാങ്ങിംഗ് സോളാർ ഫെൻസും സോളാർ ഫെൻസും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ചില പ്രദേശങ്ങളിൽ മഴ, മണ്ണൊലിപ്പ്, അടിക്കാട് വളർച്ച, മരവും മരച്ചില്ലകളും വീണുണ്ടാകുന്ന തടസ്സങ്ങൾ, വന്യമൃഗങ്ങൾ കാരണമുള്ള നാശം എന്നിവ കാരണം പ്രവർത്തനക്ഷമതയിൽ കുറവ് സംഭവിക്കാറുണ്ട്. സോളാർ ഫെൻസുകൾ നിരന്തരം

നിരീക്ഷിക്കുന്നതിനും യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 2,000 കി.മീ. സോളാർ ഫെൻസുകൾ അറ്റകുറ്റപ്പണികൾ ചെയ്ത് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**